പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3080 — 20.6.2014-ൽ മറുപടിക്ക്

## പരവൂർ നഗരസഭയിലെ ഖരമാലിന്യസംസ്ക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. എസ്. ജയലാൽ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | നഗരസഭകളിൽ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിലേക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ; | എ) | നഗരസഭകളിലെ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിലേയ്ക്കായി നിലവിൽ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് ഇല്ലാത്ത നഗരസഭകളിൽ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും, ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ നിലവിലുള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കുന്നതിനും പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്ന നഗരസഭകൾക്ക് സാങ്കേതിക അനുമതിയും 100% സാമ്പത്തിക സഹായവും നൽകി വരുന്നു. കൂടാതെ കേന്ദ്രീകൃത മാലിന്യ സംസ്ക്കരണ പ്ലാന്റുകളിലേയ്ക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിലേയ്ക്കായി മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രോത്സാനവും അനുമതിയും സാമ്പത്തിക സഹായവും നൽകി വരുന്നുണ്ട്. |
| ബി) | കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ ഖരമാലിന്യം സംസ്ക്കരിക്കുന്നതി ലേക്കായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ? | ബി) | കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ ഉറവിട മാലിന്യ സംസ്ക്കരണം നടത്തുന്നതിന്റെ ഭാഗമായി നഗരസഭ തയ്യാറാക്കി സമർപ്പിച്ച പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി 15,86,033/- രൂപ സാമ്പത്തിക സഹായവും നഗരസഭക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ